# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ഒക്ടോബർ 13, 2017 കരമന, തിരുവനന്തപുരം

## <u>പത്രക്കുറിപ്പ്</u>

### <u>ജി.എസ് ടി. സംശയ നിവാരണത്തിന് അക്ഷയ കേന്ദ്രങ്ങളും.</u>

തിരുവനന്തപുരം: വ്യാപാരികളുടെയും, പൊതുജനങ്ങളുടെയും ജി.എസ്.ടി. സംബന്ധമായ സംശയ നിവാരണത്തിന് അക്ഷയ കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തി വിപുലമായ പരാതി പരിഹാര സംവിധാനത്തിന് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് തുടക്കം കുറിക്കുന്നു.

ഇതിന്റെ ഭാഗമായി ഐ.ടി.മിഷന്റെ സഹകരണത്തോടെ വരും ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ അക്ഷയ കേന്ദ്രങ്ങൾക്കും പരിശീലനം നൽകും. അക്ഷയ കേന്ദ്രങ്ങൾക്ക് പരിഹരിക്കാൻ കഴിയാത്ത പരാതികൾ ചരക്ക് സേവന നികുതി വകുപ്പിന്റെ അതാത് ജില്ലയിലെ ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾക്ക് നൽകണം. ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ 24 മണിക്കൂറിനുള്ളിൽ ഈ പരാതികൾക്ക് മറുപടി നൽകും. അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള പരാതി പരിഹാര സംവിധാനം ഒക്ടോബർ 25ന് പ്രവർത്തനക്ഷമമാകും. അക്ഷയ ജീവനക്കാർക്കുള്ള പരിശീലനത്തിനായി അക്ഷയ കോർഡിനേറ്ററൻമാർ അതാത് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുമായി ബന്ധപ്പെടണമെന്ന് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് അറിയിച്ചു.

കൂടാതെ വ്യാപാരികളുടെയും, പൊതുജനങ്ങളുടെയും സംശയ നിവാരണത്തിനായി ചരക്ക സേവന നികുതി വകുപ്പിന്റെ എല്ലാ സർക്കിൾ ഓഫീസുകളിലും ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ തുടങ്ങും. വകുപ്പ് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ വ്യാപാരികളുടെയും, പൊതുജനങ്ങളുടെയും സംശയങ്ങൾക്ക് മറുപടി നൽകും